# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4373

27.06.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കിള്ളിയാർ കയ്യേറ്റം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ കിള്ളിയാർ ചില വ്യക്തികൾ കയ്യേറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇപ്പോൾ നിലവിൽ എത്ര കയ്യേറ്റങ്ങളാണ് കിള്ളിയാറുമായി ബന്ധപ്പെട്ടുള്ളത് എന്നു വ്യക്തമാക്കുമോ; | (ബി) | കിള്ളിയാർ തീരത്ത് കിള്ളിപ്പാലം ജംഗ്ഷൻ മുതൽ ആറ്റുകാൽ പുതിയപാലം വരെ 60 കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) കിള്ളിപ്പാലം പി.ആർ.എസ്. ആശുപത്രി മുതൽ ചിറപ്പാലം വരെ അനധികൃതമായി കൈയ്യേറി വർക്ക്ഷോപ്പും വീടും നിർമ്മിച്ചവർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;<br><br>(ഡി) പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ നടപടിയൊന്നും സ്വീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നു വിശദമാക്കുമോ? | (സി)<br>&<br>(ഡി) | കിള്ളിപ്പാലം പി.ആർ.എസ്. ആശുപത്രി മുതൽ ചിറപ്പാലം വരെ ഉദ്ദേശം രണ്ടു കിലോമീറ്റർ ദൂരത്തിൽ കിള്ളിയാറിന്റെ ബണ്ട് പുറമ്പോക്ക് ഭൂമി കൂടി കയ്യേറി നിരവധി വീടുകളും കച്ചവടസ്ഥാപനങ്ങളും നടത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ അധികൃതരുമായി പ്രാരംഭ ചർച്ച നടത്തുകയും താലൂക്ക് സർവ്വേയർ, നഗരസഭ സർവ്വേയർ എന്നിവർ യോജിച്ച് സർവ്വേ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി നഗരസഭ മുഖാന്തിരം ഒഴിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ